-ാം
8 വർഷം
2024
ഒക്ടോബർ 06
ഏലിയാ സ്ലീവ മൂശ
ഏഴാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# അറിയാതെ പോകുമ്പോൾ അകന്നുപോകുന്നത്

പുറ 33:12–17; ജറെ 20:7–13; 2 കോറി 1:3–7; മത്താ 11:25–30

'അടുത്തിരിക്കവെ നമ്മൾ
അന്യോന്യമകലുന്നു
ഇടയിൽ മൗനത്തിന്റെ
മതിൽക്കെട്ടുയരുന്നു'

ഇന്ന് ഏറ്റവും കൂടുതൽ അകലമുള്ളത് അടുത്തിരിക്കുന്നവർ തമ്മിലാണ്. ഇന്നേറ്റവും കൂടുതൽ സംസാരിക്കുന്നത് അകലെയുള്ളവർ തമ്മിലാണ്. അടുത്തിരിക്കുന്നവർ തമ്മിലുള്ള ദൂരം ഏറെയുള്ളതുകൊണ്ടാണ് അകലെയുള്ളവർ അടുത്തായിരിക്കുന്നതുപോലെ നമുക്ക് അനുഭവപ്പെടുന്നത്.

## അറിയുന്നില്ല

അകന്നുപോകുന്നതിന് പിന്നിലുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടത് പരസ്പരം അറിയാതെ പോകുന്നുവെന്നതാണ്. ഇന്നത്തെ തിരു വചനഭാഗത്ത് വ്യക്തിപരമായി ചിന്തകൾ ഉടക്കിയത് ഒരൊറ്റ ചെറുവാ ക്കിലാണ്. "അറിയുന്നില്ല". സ്പർശിച്ചതും ആ വാക്ക് തന്നെ.

പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനു മല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല എന്നതാണ് വിവക്ഷിതം.

ഏതൊക്കെ തരത്തിലുള്ള ദുർവ്യാഖ്യാനങ്ങളിലൂടെ കടന്നു പോയ വ്യക്തിജീവിതമായിരുന്നു ക്രിസ്തുവിന്റെ 33 വർഷത്തെ മനുഷ്യാവതാരമെന്ന് ആലോചിച്ചുനോക്കൂ. അവൻ ആ തച്ചന്റെ മകനല്ലേ എന്ന അല്പം പുച്ഛം കലർന്ന ചോദ്യം മുതൽ ചുങ്കക്കാരുടെയും വേശ്യകളുടെയും കൂട്ടുകാരനും വീഞ്ഞുകുടിയനും ഭോജനപ്രിയനും വരെയായി, എത്രയെത്ര ആരോപണങ്ങൾ. ആരോപണങ്ങൾ പലതും അർദ്ധ സത്യങ്ങളാണ്. എന്നാൽ അവ സത്യം പോലെ തോന്നിക്കുകയും ചെയ്യും. ഇത്തരം അപവദിക്കലുകളുടെ ഇടനാഴിയിലൂടെ കടന്നുപോകുമ്പോഴും ക്രിസ്തു മനസ്സിലാക്കിയിരുന്നു തന്റെ നിയോഗം എന്തെന്ന്. തന്നെ പിതാവ് അറിയുന്നുണ്ടെന്ന്. അറിയുന്നുണ്ടെന്നത് എത്രയോ ആശ്വാ സകരമാണ്. സമാധാനമാണ്. ആരും അറിയാതെ പോകുന്നതാണ് ഖേദകരം. ആരും മനസ്സിലാക്കാതെ പോകുന്നതാണ് പരിതാപകരം. ചങ്കെടുത്ത് കാണിക്കുമ്പോഴും ഓ ചെമ്പരത്തിപ്പൂവ് എന്ന മട്ടിൽ കടന്നു പോകുന്നവരോട്, അല്ല അതെന്റെ



വിനായക് നിർമ്മൽ

ഹൃദയമായിരുന്നുവെന്ന് പോലും പറയാൻ കഴിയാതെ വിഷമിക്കുന്ന വരെത്രയോ പേരുണ്ട്.

സത്യത്തിൽ നാം ആരെയാണ് അറിയുന്നത്? അതുപോലെ ആരാണ് നമ്മെ അറിയുന്നത്..? അറിഞ്ഞുവരുമ്പോഴേയ്ക്കും ജീവിതം തീർന്നുപോകത്തക്കവിധത്തിൽ എത്ര ധടുതിയിലാണ് കാര്യങ്ങൾ മുന്നോട്ടു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.!

അറിയുക എന്നതിന്റെ അർത്ഥം മനസ്സിലാക്കുക എന്നാണ്. നീ എന്താണോ, നീ ആരാണോ, നിന്നിലെന്താണോ അത് അതേപടി ഞാൻ മനസ്സിലാക്കുന്നു. മനസ്സിൽ സൂക്ഷിക്കുന്നു. അത് നിന്നിലെ കുറവുകളാകാം, വൈകല്യങ്ങളാകാം, ബലഹീനതകളാകാം. എനിക്ക് വ്യക്തിപരമായി ഇഷ്ടപ്പെടാത്ത സ്വഭാവപ്രത്യേകതകളാകാം.

പക്ഷേ അതിനെല്ലാം അപ്പുറം ഞാൻ നിന്നെ അറിയുന്നുവെ ന്നതാണ് പ്രത്യേകത. അറിയുന്നുവെന്ന് പറയുന്നതിന്റെ അടുത്ത ഘട്ടം സ്നേഹിക്കുന്നുവെന്നു കൂടിയാണ്. എന്നാൽ കണ്ടുവരുന്നത് അറിഞ്ഞുവരുമ്പോഴേയ്ക്കും സ്നേഹം നഷ്ടമാകുന്നുവെന്നതാണ്.

അറിയാതെ പോകുന്നുവെന്നതിന്റെ വിശദീകരണമാകട്ടെ മനസ്സിലാക്കാതെ പോകുന്നുവെന്നതും. മനസ്സിൽവയ്ക്കുന്നതിനെ മനസ്സി ലാക്കൽ എന്ന് പറയാമെന്ന് തോന്നുന്നു. മനസ്സിൽ ശരിയായിവയ്ക്കുമ്പോൾ അത് കൃത്യമായ രീതിയിലുള്ളതാകുന്നു. മനസ്സിൽ തെറ്റായി വയ്ക്കുമ്പോൾ അത് തെറ്റിദ്ധാരണയും തെറ്റിദ്ധാരണ തെറ്റായും മാറുന്നു.

## അറിയുന്നതെപ്പോൾ

അറിയുന്നീല നിന്നെ ഞാൻ
നിന്നു കത്തുന്ന വാക്കുകൾ
നെഞ്ചിലാഴുമ്പോൾ
നൃപാ നിന്നെ അറിയുന്നു ഞാൻ

എന്നാണ് മധുസൂദനൻ നായർ പാടിയിരിക്കുന്നത്. ഗാന്ധർവ്വം എന്ന കവിതയിലാണ് ഈ വരികളുള്ളത്.

ചില വിപരീത അനുഭവങ്ങളായിരിക്കും മറ്റുള്ളവരെ മനസ്സിലാക്കാൻ നമുക്ക് സാഹചര്യമൊരുക്കുന്നത്. ഇന്നലെ വരെ മനവും തനുവും കൊടുത്ത് സ്നേഹിച്ച കാമുകനെ അവൾക്കെന്തു വിശ്വാസമായിരുന്നു. അയാൾ തന്നെ സ്നേഹിക്കുന്നുണ്ടെന്നും കൊട്ടാരത്തിലെത്തുമ്പോൾ സ്വീകരിക്കുമെന്നും വിശ്വസിച്ച അവൾക്ക് തെറ്റി.

സ്നേഹത്തിന് ദുഷ്യന്തകാമുകൻ അടയാളം ചോദിച്ചപ്പോഴാണ് അവൾക്കാദ്യമായി അയാളെ മനസ്സിലാവുന്നത്. എല്ലാ സ്നേഹങ്ങളും മാറ്റുരയ്ക്കപ്പെടുന്നത് ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രതികൂലങ്ങളിലാണ്. എല്ലാം സാധാരണപോലെ സംഭവിക്കുമ്പോൾ സ്നേഹം ചോദ്യം ചെയ്യപ്പെടുന്നില്ല.

സ്നേഹം പ്രതിബന്ധം അറിയുന്നില്ലെന്നാണ് ആബേലച്ചൻ കുരിശിന്റെ വഴിയിൽ പറയുന്നത്. അതുകൊണ്ടാണ് വേറോനിക്കയ്ക്ക് യേശുവിന്റെ തിരുമുഖം തുടയ്ക്കാൻ സാധിച്ചത്. പക്ഷേ നമ്മുടെ സ്നേഹം പ്രതിബന്ധങ്ങളുടെ മുമ്പിൽ പിൻവാങ്ങുന്നതാണ്. സുരക്ഷിത ലാവണത്തിലൊതുങ്ങി നില്ക്കുന്ന സ്നേഹങ്ങളേ നമുക്ക് പരിചയമുള്ളൂ. ഒരാളുടെയും മുഖം തുടയ്ക്കാൻ നമ്മുടെ പക്കൽ കൈലേസുകളില്ല.

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നുവെന്ന അബദ്ധധാരണയിൽ ശാന്തമായി കടന്നുപോകുന്നതാണ് ഒട്ടുമിക്ക ജീവിതങ്ങളും. പക്ഷേ അനിവാര്യമായ ഒരു മുഹൂർത്തത്തിൽ സ്നേഹം ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും. അപ്പോൾ അടയാളമായി എന്തു നല്കും? അതാണ് വലിയ പ്രതിസന്ധി.

## ഇതെന്റെ ഭൂപടം

മകനേ ഇതിന്ത്യയുടെ ഭൂപടമെന്ന് കവി. ശരിയാണ് സ്കൂൾ കാലയളവിൽ ഇന്ത്യയുടെ ഭൂപടം വരച്ച് സംസ്ഥാനങ്ങൾ അടയാള പ്പെടുത്തുക എന്നൊരു ചോദ്യമുണ്ടായിരുന്നു. അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ ബോധപൂർവ്വം നടത്താത്ത ഒരാളായതുകൊണ്ടാവാം, താരത മ്യേന മാർക്ക് നേടുക എളുപ്പമുള്ള ചോദ്യമായിരുന്നു അതെങ്കിലും ഒരിക്കലും ഭൂപടത്തിന് മാർക്ക് നേടാതെ പോയത്. അതോ ഭൂപട ജ്ഞാനം കുറവായതുകൊണ്ടോ? അറിയില്ല.

പറഞ്ഞുവരുന്നത് മറ്റൊന്നുമല്ല, ഓരോരുത്തരെയും കൃത്യമായി അറിഞ്ഞു കഴിഞ്ഞാൽ അവരെ കൃത്യമായി വരച്ചു ചേർക്കാൻ എളുപ്പമാണ്. അറിയാതെ പോകുന്നതുകൊണ്ടാണ് പലരെയും നാം തെറ്റായ ഇടങ്ങളിൽ അടയാളപ്പെടുത്തുന്നത്. തെറ്റായ ഇടങ്ങളിൽ അടയാളപ്പെടുത്തിയ വരെല്ലാം ചിലപ്പോൾ കൂടുതൽ നല്ല ഇടങ്ങൾ അർഹിക്കുന്ന വരായിരിക്കും. നല്ല ഇടങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വരെല്ലാം അത്രമേൽ അർഹതയുള്ളവരായി രിക്കണമെന്നുമില്ല.

അതുകൊണ്ട് ശരിയായി അറിയുക എന്നതാണ് പ്രധാനം. അനർഹമായി ഉയർത്തി പ്രതിഷ്ഠിക്കപ്പെട്ടവരെയൊക്കെ ഞാൻ എന്റെ ജീവിതത്തിൽ നിന്ന് ഇപ്പോൾ താഴ്ത്തിനിർത്തിയിരിക്കുന്നു. അവർ അത്രയേയുള്ളൂവെന്ന് മനസ്സിലാക്കിക്കൊണ്ടു തന്നെ. എന്നിട്ടും അവ രോടെനിക്ക് വെറുപ്പോ വിദ്വേഷമോ ഇല്ല. എന്റെ സ്നേഹത്തിന്റെ ഓഹരിക്കുള്ള അവകാശം അവർക്ക് കുറവായിരിക്കുന്നുവെന്ന് മാത്രമേയുള്ളൂ

## അറിവുകേടുകളുടെ ലോകം

അറിയാതെ പോകുന്നതുകൊണ്ടുള്ള അബദ്ധങ്ങളാണ് നാം ചെയ്തുകൂട്ടുന്ന തെറ്റുകളിലേറെയും. അറിഞ്ഞുകഴിയുമ്പോൾ എല്ലാം ശരിയാകും. പക്ഷേ അറിവ് വേദന കൂടിയാണ്. ചില കാര്യങ്ങൾ അറിയാതിരിക്കുന്നതാണ് നല്ലതെന്ന് തോന്നിയിട്ടില്ലേ. ചികിത്സിക്കാതെ മുറിവു വച്ചുകെട്ടുന്നതിലെ അപകടം അതിനുണ്ട്. മുറിവു പഴുക്കും. ദുർഗന്ധം വമിക്കും. ഒടുവിൽ ജീവൻ തന്നെ അപകടത്തിലാകും. അതുകൊണ്ട് കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക. അകലെയുള്ളവരെക്കാൾ അടു ത്തുള്ളവരെ.. അവരെ കേൾക്കാൻ തയ്യാറാവുക.

എല്ലാം നല്ലതുപോലെ അറിഞ്ഞുകഴിയുമ്പോഴും നീയെന്നെ സ്നേഹിക്കുമോയെന്നതാണ് മനുഷ്യരുടെ മുമ്പിലുയരുന്ന ആശങ്കാ കുലമായ ചോദ്യം. എല്ലാം അറിഞ്ഞുവരുമ്പോൾ മനുഷ്യർ ചിലപ്പോൾ നിന്നെ തള്ളിക്കളഞ്ഞേക്കാം. പക്ഷേ അപ്പോഴും നിന്നെ നീയായിരി ക്കുന്ന അവസ്ഥയിൽ സ്നേഹിക്കാൻ കഴിയുന്ന ഒരേയൊരാൾ ഈ ലോകത്തിലുണ്ടെന്ന അറിവ് നിനക്കേറെ ആശ്വാസം പകരും. മറ്റാരുമല്ല അവൻ തന്നെ. അവന്റെ പേരാണ് ദൈവം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com